പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1058

01.03.2017-ൽ
മറുപടിയ്ക്ക്

## എക്സൈസ് വകുപ്പ് പരിഷ്കരിക്കുന്നതിന് കർമ്മപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എൻ.ഷംസീർ : | ശ്രീ.റ്റി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ മന്ത്രി) |
| (എ) എക്സൈസ് വകുപ്പ് ആധുനിക കാലഘട്ടത്തിനുതകുന്ന രീതിയിൽ പരിഷ്കരിക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) കർമ്മപദ്ധതി നിലവിലുണ്ട്. 1. സംസ്ഥാനത്തെ കോളേജുകളിലെ മയക്കമരുന്ന് വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്, കുടുംബശ്രീ തുടങ്ങി എൻ.ജി.ഒ കളെ ഉൾപ്പെടുത്തി മദ്യ ഉപഭോഗം കുറയ്ക്കുന്നതിനും മയക്കമരുന്ന് വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, ലഹരിവർജ്ജന മിഷൻ ''വിമുക്തി'' രൂപീകരിച്ചിട്ടുണ്ട്. 2. അട്ടപ്പാടിയിലും, വയനാട്ടിലും നിലിവിലുള്ള ഉള്ള ജനമൈത്രി |

എക്സൈസ് സ്ക്വാഡുകൾക്ക്

പുറമെ നിലമ്പൂരും, ദേവികുളത്തും

ഓരോ ജനമൈത്രി എക്സൈസ്

ഓഫീസുകൾ, ആരംഭിക്കുന്ന

കാര്യം പരിശോധിക്കുന്നതാണ്.

എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഡി-

അഡിക്ഷൻ കേന്ദ്രങ്ങൾ

തുടങ്ങുന്നതിനും സ്കാനർ

ഉൾപ്പെടെ ആധുനിക

ഉപകരണങ്ങൾ സ്ഥാപിച്ച്

സംസ്ഥാന എക്സൈസ്

ചെക്ക്പോസ്റ്റുകൾ

നവീകരിക്കുവാനും

തീരുമാനിച്ചിട്ടുണ്ട്, തൃശ്ശൂരിലെ

എക്സൈസ് അക്കാദമി ദേശീയ

നിലവാരത്തിലേക്ക് ഉയർത്തുക,

റെയിഞ്ച്/സർക്കിൾ

ഓഫീസുകൾക്ക് പുതിയ കെട്ടിടം

നിർമ്മിക്കുന്ന പ്രവർത്തനം

ത്വരിതപ്പെടുത്തുക, എല്ലാ

| | | | |
|---|---|---|---|
| | | | ജില്ലകളിലും എക്സൈസ് ടവറുകൾ സ്ഥാപിക്കുക, എക്സൈസ് ക്രൈം റെക്കോർഡ് ബ്യൂറോയുടെ ഉപയോഗത്തിന് ഒരു വെബ്-ബെയിസ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ നിർമ്മിക്കുക, ഫീൽഡ് ഓഫീസുകളുടെ ഉപയോഗത്തിന് കൂടുതൽ കമ്പ്യൂട്ടറുകളും യു.പി.എസ്-കളും വാങ്ങുക എന്നീ കാര്യങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | എക്സൈസ് വകുപ്പിൽ നിലവിൽ ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ, ഗാർഡ് എന്നിവരുടെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | എക്സൈസ് ഇൻസ്പെക്ടർ - 6<br>പ്രിവന്റീവ് ഓഫീസർ -38<br>(എൻ.ജെ.ഡി ഒഴിവുകൾ)<br><br>സിവിൽ എക്സൈസ് ഓഫീസർ - 46 |
| സി) | പ്രസ്തുത ഒഴിവുകൾ നികത്താൻ പി.എസ്.സി റാങ്ക് ലിസ്റ്റ് | (സി) | എക്സൈസ് ഇൻസ്പെക്ടർ, സിവിൽ എക്സൈസ് ഓഫീസർ |

നിലവിലുണ്ടോയെന്നു വ്യക്തമാക്കാമോ?

തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലിവിലുണ്ട്, പ്രിവന്റീവ് ഓഫീസർ തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ല.

Sreedevi

**സെക്ഷൻ ഓഫീസർ**